പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1561 14.07.2016 - ലെ മറുപടിക്ക്

ചോദ്യം

ശ്രീ. വി.എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

പ്രൊഫ. കെ.യു. അരുണൻ

ശ്രീ. ഐ.ബി. സതീഷ്

ഉത്തരം

ഡോ. ടി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| എ | സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി വെളിപ്പെടുത്താമോ? | സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016 - ൽ 1009.30 കോടിരൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്.<br>എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1074 കോടി രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (1431 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1632 കോടി), വെയ്സ് & മീൻസ്, ട്രഷറി - ക്യൂ (800 കോടി) എന്നിവയുൾപ്പെടെ 4937 കോടിയിലധികം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 6302 കോടിയിലധികം രൂപ വരും. പുതുക്കിയ ബഡ്ജറ്റ് പ്രകാരം 2016-2017 – ലെ റവന്യു കമ്മി 13,066.25 കോടി രൂപയാണ്. 2016-17 - ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടിരൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന വായ്പയുടെ സിംഹഭാഗവും നിത്യനിദാന ചിലവുകൾക്കായി ഉപയോഗിക്കേണ്ടിവരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ